DESPATCHED On...24.1.2020

14/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.1044(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.19966/എസ്.ഐ.സി–ജി 4/2019)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| .ശ്രീ.സന്തോഷ്.കെ<br>കാഞ്ഞിരങ്ങാടൻ ഹൗസ്,<br>ചെറുപുഴ (പി.ഒ.),<br>കണ്ണൂർ. | പരാതി ഹർജിക്കാരൻ |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്,(വിജിലൻസ് വിഭാഗം)<br>ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത്,വഞ്ചിയൂർ.പി.ഒ<br>തിരുവനന്തപുരം– 695 035 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.10.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.10.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.12.2019 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 05.12.2019 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 13.01.2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സന്തോഷ് കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 5, 6 എന്നീ ഇനങ്ങൾക്ക് നൽകിയ ഉത്തരം തെറ്റായതിനാൽ എതിർകക്ഷിക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) നാഷണൽ ഹെൽത്ത് മിഷൻ കണ്ണൂർ ജില്ലാ പ്രോഗ്രാം മാനേജർ ആയി ജോലി ചെയ്യുന്ന ഡോ.കെ.വി.ലതീഷിന്റെ നിയമനം പുതുക്കി നൽകുന്നതിനുവേണ്ടി 23.07.2019 തീയതി നൽകിയ നിരാക്ഷേപ പത്രത്തിന്റെ കോപ്പി അനുവദിച്ച് നൽകണമെന്നും

ii) ഡോ.കെ.വി.ലതീഷിന്റെ നിയമനം 31.07.2019 തീയതി തീർന്നശേഷം പുതുക്കി നൽകിയ നിയമന ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

iii) ഡോ.കെ.വി.ലതീഷിന്റെ എത്ര പരാതിയിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4, 5, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നുവെന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ നൽകിയ മറുപടിയിലെ 5–ാം ഇനത്തിന് നൽകിയിട്ടുള്ള വിവരം തൃപ്തികരമല്ലായെന്ന് രേഖപ്പെടുത്തി ഹർജിക്കാരൻ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും 5–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഡോ.കെ.വി.ലതീഷിനെതിരെ ശ്രീ.സന്തോഷ്. കെ. സമർപ്പിച്ച പരാതി കൂടാതെ വേറെ ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ എന്നായിരുന്നുവെന്നും ആയതു സംബന്ധിച്ച് അറിയിച്ചത്, ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മറ്റ് ആരുടെയും പരാതി ലഭിച്ചതായി കാണുന്നില്ല എന്നായിരുന്നുവെന്നും എന്നാൽ സി.ബി.ഐ. സ്പെഷ്യൽ ബ്രാഞ്ച് തിരുവനന്തപുരം ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 05.02.2016 ലെ കത്ത് ലഭിച്ചിരുന്നുവെന്നും കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ5–6626/2015 എന്ന കത്തും ലഭിച്ചിരുന്നുവെന്നും അക്കാര്യം ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നും ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ

RIGHT TO INFORMATION

ലഭിച്ചതിനെ തുടർന്ന് അപ്പീൽ അധികാരി വിശദമായ പരിശോധന നടത്തിയിരുന്നുവെന്നും SPIO നൽകിയിരുന്ന മറുപടിയിൽ കൂടുതലായി ഒന്നും നൽകാനില്ല എന്നറിയിച്ച് ഹർജിക്കാരന് മറുപടി നൽകിയിരുന്നുവെന്നും കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ഡോ.എം.എസ്. പത്മനാഭൻ, ആരോഗ്യ വകുപ്പു ഡയറക്ടർക്ക് നൽകിയ പരാതി സംബന്ധിച്ച വിവരങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ 03.12.2018 തീയതി മുതൽ 23.03.2019 വരെയുള്ള കാലയളവിലെ തപാലുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ, സി–364/2018/ജി.ടി.ബി. സെന്റർ, കണ്ണൂർ, തീയതി. 03.12.2018 എന്ന തപാൽ ലഭിച്ചിട്ടില്ലായെന്നു തപാൽ സെക്ഷൻ സൂപ്രണ്ട് അറിയിച്ചിട്ടുണ്ട് എന്നും തുടർന്ന് കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറോടും, കണ്ണൂർ ടി.ബി ഓഫീസറോടും തിരക്കിയതിൽ ഡോ. പത്മനാഭൻ, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകുന്നതിനായി മേൽ പരാമർശിച്ച പരാതി മെഡിക്കൽ ഓഫീസർ(ആരോഗ്യം)– ക്ക് നൽകിയതായും മേൽപ്പടി പരാതിയുടെ പകർപ്പ് മേൽപ്പടി സ്ഥാപനത്തിൽ നിന്നും ആരോഗ്യ വകുപ്പു ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയച്ചിട്ടില്ലായെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

4. പരാതിഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിലെ 5, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി സംബന്ധിച്ചാണെന്നു കാണുന്നു. മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഡോ. പത്മനാഭൻ, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അഡ്രസ് ചെയ്ത് അയച്ച പരാതി കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്) ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയച്ചിരുന്നില്ലായെന്നാണ്. ആയതിനാൽ മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ള മറുപടിയിൽ അപാകത യൊന്നുമില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

RIGHT TO INFORMATION